4. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. സി. മമ്മൂട്ടി : സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII മുഖ്യമന്ത്രിയുടെ വിശദീകരണം

വെറ്ററിനറി സർവ്വകലാശാലയിലെ NRI സീറ്റുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച്

മി. സ്പീക്കർ : ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ, ശ്രീ. റ്റി. വി രാജേഷ് ഇവിടെ ഉന്നയിച്ച ഒരു വിഷയത്തിന് മറുപടി നൽകാമെന്ന് അങ്ങ് പറഞ്ഞിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കഴിഞ്ഞ ദിവസം കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ നടത്താൻ തീരുമാനിച്ചതിനെക്കുറിച്ചുള്ള ഒരു പ്രശ്നം ശ്രീ. റ്റി. വി. രാജേഷ് നിയമസഭയിൽ ഉന്നയിച്ചു. ഈ തീരുമാനം ഗവൺമെന്റിന്റെ അറിവോടുകൂടിയോ അനുമതിയോടുകൂടിയോ ആയിരുന്നില്ല. അത് റദ്ദാക്കാനുള്ള തീരുമാനം ഈ സഭയിൽത്തന്നെ ഞാൻ അറിയിച്ചിരുന്നു. പക്ഷേ, അതുസംബന്ധിച്ച് ഒരു തീരുമാനമായിട്ടില്ല, വെബ്സൈറ്റിൽ ഇപ്പോഴും എൻ.ആർ.ഐ. ക്വാട്ട ഉണ്ടെന്നുള്ള ഒരു പ്രശ്നം ഇവിടെ ഉന്നയിച്ചു. അതിന് മറുപടി ഇന്ന് പറയാമെന്ന് പറഞ്ഞിരുന്നു. റദ്ദാക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തതിന് ഒരു മാറ്റവുമില്ല, അതനുസരിച്ചുള്ള നിർദ്ദേശവും കൊടുത്തു. പക്ഷേ, യൂണിവേഴ്സിറ്റിയുടെ നടപടിക്രമങ്ങൾ പാലിച്ച് ബോർഡ് ഓഫ് മാനേജുമെന്റ് കൂടിയാണ് എൻ.ആർ.ഐ. സീറ്റ് തീരുമാനിച്ചത്. അവർക്കത് ക്യാൻസൽ ചെയ്യുവാനും ബോർഡ് ഓഫ് മാനേജുമെന്റിന്റെ യോഗം കൂടേണ്ടതായിട്ടുണ്ട്. ബോർഡ് ഓഫ് മാനേജുമെന്റിലെ അംഗങ്ങളിൽ പലരും സഭാത്തില്ലായിരുന്നു. ഈ സഭയിലെ അംഗമായ ശ്രീ. എം. വി. ശ്രേയാംസ് കുമാറും ബോർഡ് ഓഫ് മാനേജുമെന്റിലെ ഒരംഗമാണ്, അദ്ദേഹം ഇപ്പോൾ സഭയിലില്ല. അതുകൊണ്ട് പെട്ടെന്ന് യോഗം കൂടാൻ സാധിച്ചില്ല. ഗവൺമെന്റിന്റെ തീരുമാനമറിയിച്ച ഉടൻതന്നെ അവർ അതിന്റെ പ്രോസ്സസിംഗ് നിർത്തലാക്കി. പക്ഷേ, വെബ്സൈറ്റിൽനിന്ന് അത് മാറ്റിയിരുന്നില്ല. ഗവൺമെന്റ് വെബ്സൈറ്റിൽ നിന്ന് മാറ്റാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാസം 31-ാം തീയതി ബോർഡ് ഓഫ് മാനേജുമെന്റിന്റെ യോഗമുണ്ട്. ആ യോഗത്തിൽവച്ച് ഗവൺമെന്റിന്റെ ഡയറക്ഷനനുസരിച്ചുള്ള തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്യും.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ച വിഷയം ഇവിടെ അവസാനിക്കുന്നു. അദ്ദേഹം ക്രമപ്രശ്നമായിട്ടല്ല നോട്ടീസ് നൽകിയത്. എങ്കിലും മുഖ്യമന്ത്രിയുടെ മറുപടി ചെയർ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly